**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3073** **04-08-2021 - ൽ മറുപടിയ്ക്ക്**

**കെ-ഫോൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ശക്തവും കാര്യക്ഷമവും ആക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച കെ-ഫോൺ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ; | (എ) | ജനങ്ങൾക്ക് അതിവേഗ ഇന്റർനെറ്റ്, സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച കെ-ഫോൺ പദ്ധതിയുടെ ഒന്നാം ഘട്ടം 2021 ഫെബ്രുവരി 15 ന് പൂർത്തീകരിച്ചു. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 30,000 ഓഫീസുകളുടെ സർവ്വേയും 35,000 കിലോമീറ്റർ ഒപ്റ്റിക്കൽ ഫൈബർ കേബിളിന്റെ സർവ്വേയും 8 ലക്ഷം കെ.എസ്.ഇ.ബി. പോളുകളുടെ സർവ്വേയും 375 PoP (Point of Presence) കളുടെ പ്രീഫാബ് ലൊക്കേഷനുകളും പൂർത്തീകരിച്ചിട്ടുണ്ട്. നെറ്റ് വർക്ക് ഓപ്പറേഷൻസ് സെന്ററിന്റെ പണികൾ പൂർത്തീകരിച്ചു വരുന്നു. കെ.എസ്.ഇ.ബി. പോളുകൾ വഴി കേബിളുകൾ വലിക്കുന്ന നടപടികളും പുരോഗമിച്ചു വരുന്നു. ഇതിനോടകം സംസ്ഥാനത്താകമാനം 7389 സർക്കാർ സ്ഥാപനങ്ങളെ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ മുഖേന ബന്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ 20 ലക്ഷത്തോളം വരുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലേക്ക് സൗജന്യമായും മറ്റുള്ളവർക്ക് വളരെ കുറഞ്ഞ നിരക്കിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കുവാൻ കെ-ഫോൺ പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്നു. കൂടാതെ സംസ്ഥാനത്തെ 30,000 ത്തോളം വരുന്ന സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, അതിവേഗ ഇന്റർനെറ്റ് സേവനം ഇടതടവില്ലാതെ ലഭ്യമാക്കുവാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ആദ്യ ഘട്ടത്തിൽ ഏതൊക്കെ മേഖലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | അതിവേഗ ഇന്റർനെറ്റ് കണക്ഷൻ നൽകുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക് (കെ-ഫോൺ). പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ സർക്കാർ |

| | | | |
|---|---|---|---|
| | | | ഓഫീസുകൾക്കും സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ ആശുപത്രികൾക്കും അതിവേഗ ബ്രോഡ്ബാന്റ് കണക്ടിവിറ്റി ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. |
| (ഡി) | പ്രസ്തുത പദ്ധതി എപ്രകാരമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | അതിവേഗ ഇന്റർനെറ്റ് കണക്ഷൻ നൽകുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക് (കെ-ഫോൺ). പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ സർക്കാർ ഓഫീസുകൾക്കും സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ ആശുപത്രികൾക്കും അതിവേഗ ബ്രോഡ്ബാന്റ് കണക്ടിവിറ്റി ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ